**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1907** **31-08-2022 - ൽ മറുപടിയ്ക്ക്**

**പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് ഹബ്ബ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ കായിക നയങ്ങളുടെ ഭാഗമായി, പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് ഒരു സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | **വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് സർക്കാരിന്റെ നിലവിലെ കായിക നയങ്ങളുടെ ഭാഗമായി ഒരു സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബഹു.എം.എൽ.എ മുഖേന സമർപ്പിച്ച അപേക്ഷ പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.** |
| (ബി) | ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | **വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് സർക്കാരിന്റെ നിലവിലെ കായിക നയങ്ങളുടെ ഭാഗമായി ഒരു സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബഹു.എം.എൽ.എ മുഖേന സമർപ്പിച്ച അപേക്ഷ പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ